# ദിവ്യബലി

The New Order of Holy Mass - Malayalam Translation
Roman Missal
Adapted from www.krlcc.org
November 26,2016

## പ്രാരംഭകർമങ്ങൾ

1. ജനങ്ങൾ ഒരുമിച്ചുകൂടിയശേഷം പ്രവേശനഗാനം ആലപിക്കുമ്പോൾ പുരോഹിതൻ ശുശ്രൂഷകരോടുകൂടെ അൾത്താരയെ സമീപിക്കുന്നു.

അൾത്താരയുടെ സമീപമെത്തുമ്പോൾ പുരോഹിതൻ ശുശ്രൂഷകരോടൊപ്പം പ്രണമിച്ചുകൊണ്ട് അൾത്താരയെ ചുംബിക്കുന്നു. ഉചിതമെങ്കിൽ കുരിശിനെയും അൾത്താരയെയും അദ്ദേഹം ധൂപിക്കുന്നു. തുടർന്ന്, ശുശ്രൂഷകരോടൊത്ത് അദ്ദേഹം പീഠത്തിലേക്കു പോകുന്നു.

പ്രവേശനഗാനം അവസാനിക്കുമ്പോൾ പുരോഹിതനും വിശ്വാസികളും നിന്നുകൊണ്ട് കുരിശടയാളം വരയ്ക്കുന്നു. പുരോഹിതൻ ജനങ്ങൾക്കുനേരേ തിരിഞ്ഞ് ഇപ്രകാരം പറയുന്നു:

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ,

ജനം :

ആമേൻ.

2. അനന്തരം പുരോഹിതൻ കൈകൾ വിരിച്ച്, ഇപ്രകാരം പറഞ്ഞുകൊണ്ട്, ജനത്തെ അഭിവാദ്യം ചെയ്യുന്നു :

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗവും നിങ്ങളോടുകൂടെ.

അഥവാ

നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും കൃപയും സമാധാനവും നിങ്ങളോടുകൂടെ.

അഥവാ

കർത്താവു നിങ്ങളോടുകൂടെ

ജനം :

അങ്ങയുടെ ആത്മാവോടുംകൂടെ

---

ആദ്യത്തെ ഈ അഭിവാദനത്തിൽ മെത്രാൻ കർത്താവു നിങ്ങളോടുകൂടെ എന്നതിനു പകരം ഇപ്രകാരം പറയുന്നു:

സമാധാനം നിങ്ങളോടുകൂടെ

---

3. പുരോഹിതനോ ഡീക്കനോ മറ്റൊരു ശുശ്രൂഷകനോ വളരെ സംക്ഷിപ്തമായ വാക്കുകളിൽ അന്നത്തെ ദിവ്യബലിയിലേക്ക് വിശ്വാസികളെ നയിക്കാവുന്നതാണ്.

## അനുതാപകർമം*

4. അതിനുശേഷം അനുതാപകർമം തുടർന്നുവരുന്നു; അതിന് പുരോഹിതൻ ഇപ്രകാരം പറഞ്ഞുകൊണ്ട് വിശ്വാസികളെ ക്ഷണിക്കുന്നു:

സഹോദരരേ, ദിവ്യരഹസ്യങ്ങൾ കൊണ്ടാടുന്നതിനു നാം യോഗ്യരാകേണ്ടതിന് നമ്മുടെ പാപങ്ങൾ ഏറ്റുപറയാം.

അല്പനിമിഷം മൗനംപാലിക്കുന്നു. തുടർന്ന് എല്ലാവരും ഒരുമിച്ച് പൊതുവായ അനുതാപപ്രകരണം ചൊല്ലുന്നു.

സർവശക്തനായ ദൈവത്തോടും / സഹോദരരേ, നിങ്ങളോടും ഞാൻ ഏറ്റുപറയുന്നു: /എന്തെന്നാൽ, വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഉപേക്ഷയാലും / ഞാൻ വളരെയേറെ പാപം ചെയ്തുപോയി: / (നെഞ്ചിലടിച്ചുകൊണ്ടു പറയുന്നു) എന്റെ പിഴ, / എന്റെ പിഴ, / എന്റെ വലിയ പിഴ. (അതിനുശേഷം തുടരുന്നു)/ ആകയാൽ, നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും / എല്ലാ മാലാഖമാരോടും വിശുദ്ധരോടും / സഹോദരരേ, നിങ്ങളോടും

---

* ഞായറാഴ്ചകളിൽ, പ്രത്യേകിച്ച് പെസഹാക്കാലത്ത് പതിവായുള്ള അനുതാപകർമത്തിനു പകരം, സാധിക്കുമ്പോഴെല്ലാം ജ്ഞാനസ്നാനത്തിന്റെ ഓർമയ്ക്കായി ജലം ആശീർവദിക്കുകയും തളിക്കുകയും ചെയ്യാവുന്നതാണ് (അനുബന്ധം II, pp. ).

ഞാൻ അപേക്ഷിക്കുന്നു:/ എനിക്കുവേണ്ടി നമ്മുടെ കർത്താവായ ദൈവത്തോടു പ്രാർഥിക്കണമേ.

പുരോഹിതന്റെ പാപമോചനപ്രാർഥന തുടർന്നുവരുന്നു:

സർവശക്തനായ ദൈവം കനിഞ്ഞ്, നമ്മുടെ പാപങ്ങൾ പൊറുത്ത്, നമ്മെ നിത്യജീവിതത്തിലേക്കു നയിക്കുമാറാകട്ടെ.

ജനം :

ആമേൻ.

---

അഥവാ

5 പുരോഹിതൻ അനുതാപകർമത്തിലേക്ക് വിശ്വാസികളെ നയിക്കുന്നു:

സഹോദരരേ, ദിവ്യരഹസ്യങ്ങൾ കൊണ്ടാടുന്നതിനു നാം യോഗ്യരാകേണ്ടതിന് നമ്മുടെ പാപങ്ങൾ ഏറ്റുപറയാം.

അല്പനിമിഷം മൗനംപാലിക്കുന്നു.
തുടർന്ന് പുരോഹിതൻ ചൊല്ലുന്നു:

കർത്താവേ, ഞങ്ങളിൽ കനിയണമേ.

ജനം :

എന്തെന്നാൽ, അങ്ങേക്കെതിരായി ഞങ്ങൾ പാപംചെയ്തുപോയി.

പുരോഹിതൻ:

കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങൾക്കു കാണിച്ചുതരണമേ.

ജനം:

അങ്ങയുടെ രക്ഷ ഞങ്ങൾക്കു നല്കുകയും ചെയ്യണമേ.

പുരോഹിതന്റെ പാപമോചനപ്രാർഥന തുടർന്നുവരുന്നു:

സർവശക്തനായ ദൈവം കനിഞ്ഞ്, നമ്മുടെ പാപങ്ങൾ പൊറുത്ത്, നമ്മെ നിത്യജീവിതത്തിലേക്കു നയിക്കുമാറാകട്ടെ.

ജനം :

ആമേൻ.

---

അഥവാ

6. പുരോഹിതൻ അനുതാപകർമത്തിലേക്ക് വിശ്വാസികളെ നയിക്കുന്നു.

സഹോദരരേ, ദിവ്യരഹസ്യങ്ങൾ കൊണ്ടാടുന്നതിനു നാം യോഗ്യരാകേണ്ടതിന് നമ്മുടെപാപങ്ങൾ ഏറ്റുപറയാം.

അല്പനിമിഷം മൗനംപാലിക്കുന്നു.

തുടർന്ന് പുരോഹിതനോ ഡീക്കനോ മറ്റൊരു ശുശ്രൂഷകനോ താഴെ കൊടുത്തിരിക്കുന്നതോ മറ്റു പ്രാർഥനപ്രകരണങ്ങളോ "കർത്താവേ കനിയണമേ" എന്നതിനോട് ചേർത്തുചൊല്ലുന്നു.

ഹൃദയം തകർന്നവരെ സുഖപ്പെടുത്താൻ അയയ്ക്കപ്പെട്ട കർത്താവേ, കനിയണമേ.

ജനം :

കർത്താവേ, കനിയണമേ.

പുരോഹിതൻ:

പാപികളെ വിളിക്കാൻ ആഗതനായ ക്രിസ്തുവേ, കനിയണമേ.

ജനം:

ക്രിസ്തുവേ, കനിയണമേ.

പുരോഹിതൻ:

ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കാൻ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന കർത്താവേ, കനിയണമേ.

ജനം:

കർത്താവേ കനിയണമേ.

പുരോഹിതന്റെ പാപമോചനപ്രാർഥന തുടർന്നുവരുന്നു:

സർവശക്തനായ ദൈവം കനിഞ്ഞ്, നമ്മുടെ പാപങ്ങൾ പൊറുത്ത്, നമ്മെ നിത്യജീവിതത്തിലേക്കു നയിക്കുമാറാകട്ടെ.

ജനം :

ആമേൻ.

7. മുമ്പു പറഞ്ഞ ഏതെങ്കിലുമൊരു അനുതാപകർമരൂപത്തിൽ ഉൾപ്പെട്ടിട്ടി ല്ലെങ്കിൽ ''കർത്താവേ, കനിയണമേ'' തുടരുന്നു:

V : കർത്താവേ, കനിയണമേ. R : കർത്താവേ, കനിയണമേ.
V : ക്രിസ്തുവേ, കനിയണമേ. R : ക്രിസ്തുവേ, കനിയണമേ.
V : കർത്താവേ, കനിയണമേ. R : കർത്താവേ, കനിയണമേ.

8. നിർദേശിച്ചിരിക്കുന്നതനുസരിച്ച് ഈ ഗീതം പാടുകയോ ചൊല്ലുകയോ ചെയ്യുന്നു.

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം
ഭൂമിയിൽ സന്മനസ്സുള്ള മനുഷ്യർക്ക് സമാധാനവും.
കർത്താവായ ദൈവമേ, / സ്വർഗീയരാജാവേ, /സർവശക്തനായ ദൈവപിതാവേ, / അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു/ അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു/ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു/ അങ്ങയെ ഞങ്ങൾ മഹത്ത്വപ്പെടുത്തുന്നു/ അങ്ങയുടെ മഹാമഹിമയ്ക്കായി ഞങ്ങൾ നന്ദിപറയുന്നു./ യേശുക്രിസ്തുവേ, ഏകജാതനായ പുത്രനായ കർത്താവേ,/ കർത്താവായ ദൈവമേ, / ദൈവത്തിന്റെ കുഞ്ഞാടേ, / പിതാവിന്റെ പുത്രാ,/ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന അങ്ങ്/ ഞങ്ങളിൽ കനിയണമേ;/ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന അങ്ങ്/ ഞങ്ങളുടെ പ്രാർഥന കൈക്കൊള്ളണമേ./ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന അങ്ങ് ഞങ്ങളിൽ കനിയണമേ. എന്തെന്നാൽ, അങ്ങു മാത്രം പരിശുദ്ധൻ/ അങ്ങു മാത്രം കർത്താവ്/ അങ്ങുമാത്രം അത്യുന്നതൻ, യേശുക്രിസ്തുവേ,/ പരിശുദ്ധാത്മാവോടുകൂടെ / പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിൽ.

ആമേൻ.

## പദ്യരൂപം

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം
ഭൂമിയിൽ സന്മനസ്സുള്ളോർക്കു ശാന്തിയുമേ

അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു
അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു
ആരാധിച്ചങ്ങയെ വാഴ്ത്തുന്നു
ദിവ്യമഹിമകൾ പാടുന്നു.

അങ്ങേ മഹാമഹിമയ്ക്കിതാ
നന്ദി ചൊല്ലുന്നിവർ താഴ്മയായ്
ദൈവമേ, കർത്താവാം അങ്ങയെ,
വാഴ്ത്തുന്നു സ്വർലോകരാജനേ.

സർവൈകശക്തനാം ദൈവമേ,
താതനാമങ്ങയെ വാഴ്ത്തുന്നു
ഏകാത്മജാ, ദേവസൂനുവേ,
കർത്താവാം ശ്രീയേശുക്രിസ്തുവേ.

ദൈവമേ, കർത്താവാം അങ്ങയെ
വാഴ്ത്തുന്നു ദൈവത്തിൻ കുഞ്ഞാടേ,
താതനാം ദൈവത്തിൻ സൂനുവേ,
അങ്ങയെ വാഴ്ത്തിസ്തുതിക്കുന്നു.

ലോകത്തിൻ പാപനിഹന്താവേ,
കാരുണ്യം തൂകണേ ഞങ്ങളിൽ
ലോകത്തിൻ പാപനിഹന്താവേ,
ഞങ്ങൾതൻ പ്രാർഥന കേൾക്കണേ.

നിത്യപിതാവിന്റെ പാർശ്വത്തിൽ
നേർവലംഭാഗത്തിരുന്നിടും
ഞങ്ങൾതൻ രക്ഷകനേശുവേ,
കാരുണ്യം തൂകണേ ഞങ്ങളിൽ.

സത്യസ്വരൂപൻ പിതാവുതൻ
നിത്യമഹിമാവിൻ തേജസ്സിൽ
പാവനാത്മാവുതൻ ഐക്യത്തിൽ
വാഴുന്ന ക്രിസ്തുവാം യേശുവേ.

അങ്ങുമാത്രം പരിപാവനൻ
അങ്ങുതാൻ ഏകനാം നാഥനും
അങ്ങുമാത്രം പരമോന്നതൻ
ത്രിത്വൈകദൈവമഹത്ത്വത്തിൽ,
ആമേൻ.

9. ഈ ഗാനമവസാനിക്കുമ്പോൾ, കൈകൾ കൂപ്പി പുരോഹിതൻ ചൊല്ലുന്നു:

നമുക്കു പ്രാർഥിക്കാം.

എല്ലാവരും പുരോഹിതനോടൊത്ത് അല്പസമയം മൗനമായി പ്രാർഥിക്കുന്നു.

അനന്തരം, പുരോഹിതൻ കൈകൾ വിരിച്ച്, സമിതിപ്രാർഥന ചൊല്ലുന്നു; അതിന്റെ അവസാനത്തിൽ ജനം ഉദ്ഘോഷിക്കുന്നു:

ആമേൻ.

## വചനപ്രഘോഷണകർമം

10. അനന്തരം പാഠകൻ വചനപീഠത്തെ സമീപിച്ച് ഒന്നാംവായന പ്രഘോഷിക്കുന്നു. തത്സമയം എല്ലാവരും ഇരുന്നുകൊണ്ട് ശ്രവിക്കുന്നു.

വായനയുടെ അവസാനംസൂചിപ്പിക്കാൻ പാഠകൻ ഉദ്ഘോഷിക്കുന്നു:

കർത്താവിന്റെ വചനം.

എല്ലാവരും :

ദൈവത്തിനു നന്ദി.

11. സങ്കീർത്തകൻ അഥവാ ഗായകൻ സങ്കീർത്തനമാലപിക്കുകയോ ചൊല്ലുകയോ ചെയ്യുമ്പോൾ ജനം പ്രതിവചിക്കുന്നു.

12. തുടർന്ന് രണ്ടാംവായന ഉണ്ടെങ്കിൽ മുകളിൽ പറഞ്ഞപോലെ പാഠകൻ വചനപീഠത്തിൽനിന്ന് വായിക്കുന്നു.

വായനയുടെ അവസാനംസൂചിപ്പിക്കാൻ പാഠകൻ ഉദ്ഘോഷിക്കുന്നു:

കർത്താവിന്റെ വചനം.

എല്ലാവരും :

ദൈവത്തിനു നന്ദി.

13. അല്ലേലൂയയോ നിർദേശങ്ങൾ അനുശാസിക്കുന്നതനുസരിച്ചുള്ള മറ്റൊരു ഗാനമോ ആരാധനക്രമകാലം ആവശ്യപ്പെടുന്നപോലെ തുടരുന്നു.

14. തത്സമയം, ആവശ്യമെങ്കിൽ, ധൂപക്കുറ്റിയിൽ പുരോഹിതൻ കുന്തിരിക്കമിടുന്നു. അനന്തരം സുവിശേഷം പ്രഘോഷിക്കാനുള്ള ഡീക്കൻ, പുരോഹിതന്റെ മുമ്പിൽ തലകുനിച്ച് ആശീർവാദം അപേക്ഷിച്ചുകൊണ്ട് താഴ്ന്നസ്വരത്തിൽ ഇപ്രകാരം പറയുന്നു:

ഗുരോ, ആശീർവദിച്ചാലും

പുരോഹിതൻ താഴ്ന്നസ്വരത്തിൽ പറയുന്നു:

അവിടത്തെ സുവിശേഷം യോഗ്യതയോടും അർഹതയോടുംകൂടെ പ്രഘോഷിക്കുന്നതിന് കർത്താവ് താങ്കളുടെ ഹൃദയത്തിലും അധരങ്ങളിലും ഉണ്ടായിരിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

ഡീക്കൻ കുരിശടയാളം വരച്ചുകൊണ്ട് പ്രത്യുത്തരിക്കുന്നു:

ആമേൻ.

ഡീക്കൻ സന്നിഹിതനല്ലെങ്കിൽ പുരോഹിതൻ അൾത്താരയുടെ മുമ്പിൽ കുമ്പിട്ടുകൊണ്ട് സ്വഗതമായി ചൊല്ലുന്നു:

സർവശക്തനായ ദൈവമേ, അങ്ങയുടെ വിശുദ്ധസുവിശേഷം യഥായോഗ്യം പ്രഘോഷിക്കുന്നതിന് എന്റെ ഹൃദയത്തെയും അധരങ്ങളെയും ശുദ്ധീകരിക്കണമേ.

15. തുടർന്ന്, ഡീക്കൻ അല്ലെങ്കിൽ പുരോഹിതൻ വചനപീഠത്തിലേക്കു പോകുന്നു; സന്ദർഭോചിതമായി, ധൂപത്തോടും മെഴുകുതിരികളോടുംകൂടെ ശുശ്രൂഷകർ അദ്ദേഹത്തെ അനുഗമിക്കുന്നു. തുടർന്ന് അദ്ദേഹം ഇപ്രകാരം ചൊല്ലുന്നു:

കർത്താവ് നിങ്ങളോടുകൂടെ.

ജനം:

അങ്ങയുടെ ആത്മാവോടുംകൂടെ.

ഡീക്കൻ അല്ലെങ്കിൽ പുരോഹിതൻ :

...ന്റെ (യുടെ) വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന

തത്സമയം അദ്ദേഹം ഗ്രന്ഥത്തിലും നെറ്റിയിലും അധരങ്ങളിലും നെഞ്ചിലും കുരിശടയാളം വരയ്ക്കുന്നു.

ജനം ഉദ്ഘോഷിക്കുന്നു:

കർത്താവേ, അങ്ങേക്കു മഹത്ത്വം.

തുടർന്ന്, ഡീക്കൻ അല്ലെങ്കിൽ പുരോഹിതൻ കുന്തിരിക്കം ഉപയോഗിക്കുകയാണെങ്കിൽ ഗ്രന്ഥം ധൂപിക്കുകയും സുവിശേഷം പ്രഘോഷിക്കുകയും ചെയ്യുന്നു.

16. സുവിശേഷപ്രഘോഷണത്തിന്റെ അവസാനം ഡീക്കൻ അല്ലെങ്കിൽ പുരോഹിതൻ ഉദ്ഘോഷിക്കുന്നു:

കർത്താവിന്റെ സുവിശേഷം

എല്ലാവരും :

ക്രിസ്തുവേ, അങ്ങേക്കു സ്തുതി.

തുടർന്ന്, ഗ്രന്ഥം ചുംബിച്ചുകൊണ്ട് അദ്ദേഹം സ്വഗതമായി ഇപ്രകാരം പറയുന്നു:

സുവിശേഷവചനങ്ങളാൽ നമ്മുടെ പാപങ്ങൾ മായ്ക്കപ്പെടട്ടെ.

17. തുടർന്ന് സുവിശേഷപ്രസംഗം. ഇത് എല്ലാഞായറാഴ്ചയും കടമുള്ള തിരുനാളുകളിലും വൈദികനോ ഡീക്കനോ നടത്തേണ്ടതാണ്; മറ്റുദിവസങ്ങളിലും അത് അഭിലഷണീയമാണ്.

18. സുവിശേഷപ്രസംഗം കഴിഞ്ഞ് നിർദേശിച്ചിരിക്കുന്ന അവസരങ്ങളിൽ, വിശ്വാസപ്രമാണം അഥവാ വിശ്വാസപ്രഖ്യാപനം ആലപിക്കുകയോ ചൊല്ലുകയോ ചെയ്യുന്നു:

ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു;
സ്വർഗത്തിന്റെയും ഭൂമിയുടെയും /ദൃശ്യവും അദൃശ്യവുമായ എല്ലാറ്റിന്റെയും / സ്രഷ്ടാവും സർവശക്തനുമായ പിതാവിലും ഞാൻ വിശ്വസിക്കുന്നു. / ഏക കർത്താവും ഏകജാതനായ ദൈവപുത്രനും എല്ലാ യുഗങ്ങൾക്കുംമുമ്പ് പിതാവിൽനിന്നു ജനിച്ചവനുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. / ദൈവത്തിൽനിന്നുള്ള ദൈവവും / പ്രകാശത്തിൽനിന്നുള്ള പ്രകാശവും / സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും / ജനിച്ചവനെങ്കിലും സൃഷ്ടിക്കപ്പെടാത്തവനും / പിതാവുമായി സത്തയിൽ ഏകനുമായ / അവിടന്നുവഴി സകലവും സൃഷ്ടിക്കപ്പെട്ടു. / മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും / അവിടന്ന് സ്വർഗത്തിൽനിന്നിറങ്ങി;

തുടർന്നുവരുന്ന വാക്കുകൾ മുതൽ മനുഷ്യനായിത്തീർന്നു എന്നതുവരെ എല്ലാവരും ശിരസ്സു നമിക്കുന്നു.

പരിശുദ്ധാത്മാവാൽ കന്യകമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച്/ മനുഷ്യനായിത്തീർന്നു/ പോന്തിയൂസ് പീലാത്തോസിന്റെ കാലത്ത്/ നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ട്, പീഡകൾ സഹിച്ചു മരിച്ച് / അടക്കപ്പെട്ടു;/ ലിഖിതങ്ങളനുസരിച്ചു മൂന്നാംദിവസം ഉയിർക്കുകയും/ സ്വർഗത്തിലേക്ക് ആരോഹണംചെയ്യുകയും പിതാവിന്റെ വലത്തുഭാഗത്തിരിക്കുകയും ചെയ്യുന്നു;/ ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ / അവിടന്നു മഹത്ത്വത്തോടെ വീണ്ടും വരും; അവിടത്തെ രാജ്യത്തിന് അവസാനം ഉണ്ടാവുകയുമില്ല./ കർത്താവും ജീവദാതാവും/ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും/ പിതാവിനോടും പുത്രനോടുമൊപ്പം / ആരാധിക്കപ്പെടുന്നവനും / സ്തുതിക്കപ്പെടുന്നവനും/ പ്രവാചകന്മാർവഴി സംസാരിച്ചവനുമായ/ പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. / ഏകവും/ വിശുദ്ധവും / സാർവത്രികവും,/ അപ്പസ്തോലികവുമായ സഭയിലും ഞാൻ വിശ്വസിക്കുന്നു./ പാപങ്ങളുടെ മോചനത്തിനായുള്ള ഏകജ്ഞാനസ്നാനം ഞാൻ ഏറ്റുപറയുകയും/ മരിച്ചവരുടെ ഉയിർപ്പും / വരാനിരിക്കുന്ന യുഗത്തിലെ ജീവിതവും/ ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു. ആമേൻ.

### പദ്യരൂപം

ഏകനാം ദൈവത്തിൽ വിശ്വസിക്കുന്നേൻ
ആകാശത്തിന്റെയും ഭൂമിയുടെയും
ദൃശ്യാദൃശ്യങ്ങളാമെല്ലാറ്റിന്റെയും
സ്രഷ്ടാവും സർവൈകശക്തനുമായ
ദൈവപിതാവിൽ ഞാൻ വിശ്വസിക്കുന്നേൻ.

എല്ലാ യുഗങ്ങൾക്കുംമുമ്പു പിതാവിൽ-
നിന്നു ജനിച്ചൊരു ദൈവസുതനും
ഏകനാം ജാതനും നാഥനുമായ
ക്രിസ്തുവാം ഈശോയിൽ വിശ്വസിക്കുന്നേൻ.

ദൈവത്തിൽനിന്നുള്ള ദൈവമാണെന്നും
ദീപ്തിയിൽനിന്നുള്ള ദീപ്തിയാണെന്നും
സത്യദൈവം തന്നിൽനിന്നുള്ള സാക്ഷാൽ
ദൈവമാണെന്നും ഞാൻ വിശ്വസിക്കുന്നേൻ.

ജാതനാണെങ്കിലും സൃഷ്ടനല്ലെന്നും
സത്തയിൽ താതനോടേകനാണെന്നും
സർവവും താൻവഴി സൃഷ്ടമായെന്നും
സന്തതം ഞാനേവം വിശ്വസിക്കുന്നേൻ.

നമ്മൾക്കും നമ്മൾതൻ രക്ഷയ്ക്കുംവേണ്ടി
സ്വർഗത്തിൽനിന്നുമിറങ്ങിയിപ്പാരിൽ,
കന്യാമറിയത്തിൽനിന്നു റൂഹായാൽ
ധന്യശരീരമെടുത്തു നരനായ്.

പോന്തിയോസ് പീലാത്തോസ് വാണിടുംനാളിൽ
നമ്മൾക്കായ് ഘോരമാം പീഡകളേറ്റു
ക്രൂശിൽ മരിച്ചു സംസ്കാരവുമാർന്നു:
വിശ്വസിക്കുന്നേനീ സത്യങ്ങളെല്ലാം.

മുന്നം ലിഖിതങ്ങൾ ചൊന്നതുപോലെ
മൂന്നാംദിവസമുയിർത്തെഴുന്നേറ്റു.
സ്വർഗത്തിലേറി ഇരുന്നരുളുന്നു
തൻപിതാവിൻ വലംപാർശ്വത്തിലായി.

ജീവിപ്പോരെയും മരിച്ചവരെയും
ന്യായംവിധിക്കാൻ പ്രതാപങ്ങളോടെ
വീണ്ടുംവരും, അന്തമില്ലാത്തതാണാ
തൻവാഴ്ചയെന്നതും വിശ്വസിക്കുന്നേൻ.

താതനിൽനിന്നും തനയനിൽനിന്നും
ചെമ്മേ പുറപ്പെടും പാവനാത്മാവിൽ,
താതനും ജാതനുമൊന്നിച്ചു നിത്യം
സ്തുത്യനും പൂജ്യനുമാകും റൂഹായിൽ

വേദപ്രവാചകന്മാർ വഴിയെല്ലാം
നമ്മോടരുൾചെയ്ത ജീവദാതാവും
കർത്താവുമായുള്ള പാവനാത്മാവിൽ
ഏറ്റം ഉറപ്പായി വിശ്വസിക്കുന്നേൻ.

വിശ്വസിക്കുന്നു ഞാൻ ഏകവിശുദ്ധ
കാതോലിക്കാപ്പസ്തോലിക്കാസഭയിൽ
പാപവിമോചനമേകുന്നൊരേക
ജ്ഞാനസ്നാനം ഭക്ത്യാ പ്രഖ്യാപിക്കുന്നേൻ.

മൃത്യു വരിച്ചവർക്കുള്ളോരുയിർപ്പും
നിത്യപരലോകജീവിതവും ഞാൻ
വിശ്വസിച്ചേറ്റമുറപ്പായിഹത്തിൽ
പ്രത്യാശയോടിതാ കാത്തിരിക്കുന്നേൻ.
ആമേൻ.

19. നൈസെയാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിനുപകരം, പ്രത്യേകിച്ച്, തപസ്സുകാലത്തും പെസഹാക്കാലത്തും അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണമെന്നറിയപ്പെടുന്ന റോമാസഭയുടെ ജ്ഞാനസ്നാനപരമായ വിശ്വാസപ്രമാണം, ഉപയോഗിക്കാവുന്നതാണ്.

സർവശക്തനായ പിതാവും സ്വർഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ഏകദൈവത്തിലും അവിടത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു.

തുടർന്നുവരുന്ന വാക്കുകൾ മുതൽ കന്യകമറിയത്തിൽനിന്നു പിറന്ന് എന്നതുവരെ എല്ലാവരും ശിരസ്സ് നമിക്കുന്നു.

അവിടന്ന് പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യകമറിയത്തിൽനിന്നു പിറന്ന്, പോന്തിയൂസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച്, ക്രൂശിക്കപ്പെട്ട്, മരിച്ച് അടക്കപ്പെട്ട്, പാതാളങ്ങളിലിറങ്ങി മരിച്ചവരുടെ ഇടയിൽനിന്ന് മൂന്നാംദിവസം ഉയിർത്ത് സ്വർഗത്തിലേക്ക് എഴുന്നള്ളി സർവശക്തനായ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു; അവിടെനിന്ന് ജീവിക്കുന്നവ

രെയും മരിച്ചവരെയും വിധിക്കാൻവരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു, ആമേൻ.

20. സാർവത്രികപ്രാർഥന അഥവാ വിശ്വാസികളുടെ പ്രാർഥന തുടർന്നുവരുന്നു.

## സ്തോത്രയാഗകർമം

21. ഇവ തീർന്നശേഷം കാഴ്ചവയ്പുഗാനം ആരംഭിക്കുന്നു. തത്സമയം ശുശ്രൂഷകർ തിരുശീല, മാർജനശീല, പാനപാത്രത്തിന്റെ മൂടി, ദിവ്യപൂജാഗ്രന്ഥം എന്നിവ അൾത്താരയിൽ ക്രമപ്പെടുത്തിവയ്ക്കുന്നു.

22. വിശ്വാസികൾ കാഴ്ചവസ്തുവിലൂടെ തങ്ങളുടെ ഭാഗഭാഗിത്വം പ്രകടമാക്കാൻ ദിവ്യപൂജാഘോഷത്തിനുള്ള അപ്പത്തോടും വീഞ്ഞിനോടുമൊപ്പം ദൈവാലയത്തിന്റെയും പാവങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റാനുള്ള മറ്റു കാഴ്ചവസ്തുക്കളും കൊണ്ടുവരുന്നത് അഭിലഷണീയമാണ്.

23. പുരോഹിതൻ അൾത്താരയിൽനിന്നുകൊണ്ട് അപ്പത്തോടൊപ്പം തളികയുമെടുത്ത്, ഇരുകൈകളുംകൊണ്ട് അൾത്താരയിൽനിന്ന് അത് അല്പം ഉയർത്തിപ്പിടിച്ച്, താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു:

കർത്താവേ, അങ്ങയുടെ ഔദാര്യത്താലാണല്ലോ ഞങ്ങൾക്ക് ജീവന്റെ ഭോജനമായിത്തീരാനുള്ള ഭൂമിയുടെയും മനുഷ്യപ്രയത്നത്തിന്റെയും ഫലമായ ഈ അപ്പം ഞങ്ങൾ സ്വീകരിക്കുകയും അങ്ങേക്കു സമർപ്പിക്കുകയും ചെയ്യുന്നത്. സർവപ്രപഞ്ചത്തിന്റെയും ദൈവമേ, അങ്ങു വാഴ്ത്തപ്പെടട്ടെ.

അപ്പത്തോടുകൂടെ തളിക തിരുശീലയിൽ വയ്ക്കുന്നു.

കാഴ്ചവയ്പു ഗാനമില്ലാത്തപക്ഷം, ഈ വാക്കുകൾ പുരോഹിതന് ഉയർന്നസ്വരത്തിൽ ചൊല്ലാവുന്നതാണ്; അവസാനം ജനം പ്രഘോഷിക്കുന്നു:

ദൈവം എന്നെന്നും വാഴ്ത്തപ്പെടട്ടെ.

24. ഡീക്കൻ അഥവാ പുരോഹിതൻ പാനപാത്രത്തിൽ വീഞ്ഞും അല്പം വെള്ളവും ഒഴിച്ചുകൊണ്ട് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

ഈ വെള്ളത്തിന്റെയും വീഞ്ഞിന്റെയും രഹസ്യംവഴി ഞങ്ങളുടെ മനുഷ്യപ്രകൃതിയിൽ പങ്കാളിയാകാൻ തിരുവുള്ളമായ അവിടത്തെ ദിവ്യപ്രകൃതിയിൽ ഞങ്ങളും പങ്കാളികളാകുമാറാകട്ടെ.

25. തുടർന്ന് പുരോഹിതൻ പാനപാത്രമെടുത്ത്, അത് ഇരുകരങ്ങളുംകൊണ്ട് അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു:

കർത്താവേ, അങ്ങയുടെ ഔദാര്യത്താലാണല്ലോ ഞങ്ങൾക്ക് ആത്മീയപാനീയമായിത്തീരാനുള്ള മുന്തിരിവള്ളിയുടെയും മനുഷ്യപ്രയത്നത്തിന്റെയും ഫലമായ ഈ വീഞ്ഞ് ഞങ്ങൾ സ്വീകരിക്കുകയും അങ്ങേക്കു സമർപ്പിക്കുകയും ചെയ്യുന്നത്. സർവപ്രപഞ്ചത്തിന്റെയും ദൈവമേ, അങ്ങു വാഴ്ത്തപ്പെടട്ടെ.

അനന്തരം തിരുശീലയിൽ പാനപാത്രം വയ്ക്കുന്നു.

കാഴ്ചവയ്പുഗാനമില്ലാത്തപക്ഷം, ഈ വാക്കുകൾ പുരോഹിതന് ഉയർന്ന സ്വരത്തിൽ ചൊല്ലാവുന്നതാണ്; അവസാനം ജനം പ്രഘോഷിക്കുന്നു:

ദൈവം എന്നെന്നും വാഴ്ത്തപ്പെടട്ടെ.

26. അനന്തരം പുരോഹിതൻ കുമ്പിട്ട് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

കർത്താവേ, എളിമയുടെ അരൂപിയും അനുതപിക്കുന്ന ഹൃദയവുമുള്ള ഞങ്ങളെ അങ്ങ് സ്വീകരിക്കണമേ. അങ്ങനെ, കർത്താവായ ദൈവമേ, ഇന്ന് അങ്ങയുടെ തിരുമുമ്പിൽ ഞങ്ങളുടെ ബലി അങ്ങേക്ക് പ്രീതികരമായിത്തീരട്ടെ.

27. സന്ദർഭോചിതമായി കാഴ്ചദ്രവ്യങ്ങളും കുരിശും അൾത്താരയും അദ്ദേഹം ധൂപിക്കുന്നു. തുടർന്ന്, ഡീക്കനോ മറ്റൊരു ശുശ്രൂഷകനോ പുരോഹിതനെയും ജനത്തെയും ധൂപിക്കുന്നു.

28. അനന്തരം, പുരോഹിതൻ അൾത്താരയുടെ ഒരു വശത്തുനിന്ന് കൈകൾ കഴുകിക്കൊണ്ട് സ്വഗതമായി ചൊല്ലുന്നു:

കർത്താവേ, എന്റെ മാലിന്യത്തിൽനിന്ന് എന്നെ കഴുകുകയും പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കുകയും ചെയ്യണമേ.

29. തുടർന്ന് അൾത്താരയുടെ മധ്യഭാഗത്ത്, ജനങ്ങൾക്കഭിമുഖമായി നിന്ന്, പുരോഹിതൻ കൈകൾ വിരിക്കുകയും കൂപ്പുകയും ചെയ്തുകൊണ്ട് ചൊല്ലുന്നു:

സഹോദരരേ, എന്റെയും നിങ്ങളുടെയുംബലി സർവശക്തനും പിതാവുമായ ദൈവത്തിനു സ്വീകാര്യമാകാൻവേണ്ടി പ്രാർഥിക്കുവിൻ.

ജനം എഴുന്നേറ്റ് പ്രത്യുത്തരിക്കുന്നു:

കർത്താവ് തന്റെ നാമത്തിന്റെ സ്തുതിക്കും മഹിമയ്ക്കും നമ്മുടെയും അവിടത്തെ സാർവത്രികവിശുദ്ധസഭയുടെയും നന്മയ്ക്കുമായി, അങ്ങയുടെ കരങ്ങളിൽനിന്ന് ഈ ബലി സ്വീകരിക്കുമാറാകട്ടെ.

30. അനന്തരം പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് നൈവേദ്യപ്രാർഥന ചൊല്ലുന്നു. അതിന്റെ അവസാനം ജനം പ്രഘോഷിക്കുന്നു:

ആമേൻ.

# സ്തോത്രയാഗപ്രാർഥന

31. തുടർന്ന്, പുരോഹിതൻ സ്തോത്രയാഗപ്രാർഥന ആരംഭിക്കുന്നു. കൈകൾവിരിച്ചുകൊണ്ട് ചൊല്ലുന്നു:

കർത്താവു നിങ്ങളോടുകൂടെ

ജനം :

അങ്ങയുടെ ആത്മാവോടുംകൂടെ

പുരോഹിതൻ കരങ്ങൾ ഉയർത്തിക്കൊണ്ടു തുടരുന്നു:

ഹൃദയങ്ങൾ ഉയർത്തുവിൻ

ജനം :

കർത്താവിങ്കലേക്ക് ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പുരോഹിതൻ വിരിച്ചകരങ്ങളുമായി തുടരുന്നു:

നമ്മുടെ കർത്താവായ ദൈവത്തിന് നന്ദിപ്രകാശിപ്പിക്കാം.

ജനം :

അത് ഉചിതവും ന്യായവുമത്രേ.

പുരോഹിതൻ വിരിച്ചകരങ്ങളുമായി ആമുഖഗീതി തുടരുന്നു.

ആമുഖഗീതിയുടെ അവസാനം അദ്ദേഹം കരങ്ങൾകൂപ്പി, ആമുഖഗീതി അവസാനിപ്പിച്ചുകൊണ്ട് ജനങ്ങളോടൊത്ത് ആലപിക്കുകയോ ഉയർന്നസ്വരത്തിൽ ചൊല്ലുകയോ ചെയ്യുന്നു:

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. സ്വർഗവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

പദ്യരൂപം

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
സൈന്യങ്ങൾതൻ കർത്താവാം
ദൈവം പരിശുദ്ധൻ

1. നിരുപമമങ്ങേ മഹിമകളാൽ
നിറഞ്ഞുമഹിയും വിണ്ടലവും
ഹോസാന, ഹോസാന
അത്യുന്നതങ്ങളിൽ ഹോസാന.

2. കർത്താവിൻ തിരുനാമത്തിൽ
വരുവോൻ ഏറ്റം ധന്യനുമാം
ഹോസാന, ഹോസാന,
അത്യുന്നതങ്ങളിൽ ഹോസാന.

32. സംഗീത മാർഗരേഖകളിൽ പറയുന്ന സ്തോത്രയാഗപ്രാർഥനയിലെ ഭാഗങ്ങൾ, പ്രത്യേകിച്ച് പ്രധാനപ്പെട്ടവ, എല്ലാ ദിവ്യപൂജയിലും പുരോഹിതന് ആലപിക്കാവുന്നതാണ്.

ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, റോമൻ കാനനിൽ ബ്രാക്കറ്റിലുള്ളവ ഉപേക്ഷിക്കാവുന്നതാണ്.

# സ്തോത്രയാഗപ്രാർഥന – I

## അഥവാ

## റോമൻകാനൻ

83. V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

നിർദിഷ്ട ആമുഖഗീതി ചൊല്ലിയശേഷം ഇപ്രകാരം അവസാനിപ്പിക്കുന്നു:

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

84. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

C: കരുണാവാരിധിയായ പിതാവേ, അതിനാൽ, പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവഴി ഞങ്ങൾ വിനയപൂർവം അങ്ങയോട് യാചിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു.

കൈകൾ കൂപ്പി ചൊല്ലുന്നു:

ഈ കാണിക്കകൾ, ഈ തിരുമുല്ക്കാഴ്ചകൾ വിശുദ്ധവും നിർമലവുമായ ഈ ബലിവസ്തുക്കൾ സ്വീകരിച്ച്,

അപ്പത്തിന്റെയും കാസയുടെയുംമേൽ കുരിശടയാളമിട്ടുകൊണ്ടു ചൊല്ലുന്നു:

✠ ആശീർവദിക്കണമേ.

കൈകൾ വിരിച്ചുകൊണ്ടു തുടരുന്നു:

പ്രഥമമായി, അങ്ങയുടെ വിശുദ്ധ കത്തോലിക്കാസഭയ്ക്കുവേണ്ടി ഇവ ഞങ്ങൾ അങ്ങേക്കു അർപ്പിക്കുന്നു. അങ്ങയുടെ ദാസനായ

---

C = Principal Celebrant
CC = All Concelebrants
C1, C2 = First Concelebrant, Second Concelebrant

ഞങ്ങളുടെ (പേര്) ... പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷ നായ (പേര്) ... മെത്രാനോടും* (മെത്രാൻ: അങ്ങയുടെ എളിയ ദാസനായ എനിക്കും) അപ്പസ്തോലികവും കാതോലികവുമായ സത്യവിശ്വാസം പഠിപ്പിക്കുന്ന എല്ലാവരോടുമൊപ്പം ലോകമെങ്ങു മുള്ള തിരുസഭയെ സമാധാനം നല്കി സംരക്ഷിക്കാനും ഒന്നിപ്പി ക്കാനും നയിക്കാനും കനിയണമേ.

85. ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർഥന

$C_1$ കർത്താവേ, അങ്ങയുടെ ദാസന്മാരും ദാസിമാരുമായ (പേ രുകൾ) ഇവിടെ കൂടിയിരിക്കുന്ന എല്ലാവരെയും അങ്ങ് ഓർക്ക ണമേ.

കൈകൾ കൂപ്പി അവർക്കുവേണ്ടി അല്പനേരം പ്രാർഥിക്കുന്നു.

പിന്നീട് കൈകൾ വിരിച്ചുകൊണ്ടു തുടരുന്നു:

ഇവർക്കുവേണ്ടി ഈ ബലി തങ്ങൾ അർപ്പിക്കുന്നു. ഇവരുടെ വിശ്വാ സവും പ്രകടമായ ഭക്തിയും അങ്ങ് അറിയുന്നുവല്ലോ. ഇവർ തങ്ങൾക്കുവേണ്ടിയും തങ്ങളുടെ എല്ലാ പ്രിയപ്പെട്ടവർക്കുവേ ണ്ടിയും ഈ സ്തോത്രബലി അങ്ങേക്കർപ്പിക്കുന്നു. ഇവരുടെ ആത്മാവിന്റെ പരിത്രാണത്തിനും പ്രത്യാശയ്ക്കൊത്ത ക്ഷേമ ത്തിനും ഭദ്രതയ്ക്കുമായി, ജീവനും സത്യവും നിത്യ ദൈവവുമായ അങ്ങേക്ക് ഈ കാണിക്കകൾ അർപ്പിക്കുന്നു.

86. അനുഷ്ഠാനത്തിനുള്ളിൽ

$C_2$ † എല്ലാ വിശുദ്ധരോടും, വിശിഷ്യ, ഞങ്ങളുടെ കർത്താവും ദൈവവുമായ യേശുക്രിസ്തുവിന്റെ മാതാവും മഹത്ത്വപൂർണയും നിത്യകന്യകയുമായ മറിയത്തോടും ആ കന്യകയുടെ ഭർത്താ വായ ഭാഗ്യപ്പെട്ട യൗസേപ്പിനോടും ധന്യരായ അപ്പസ്തോല ന്മാരും അങ്ങയുടെ രക്തസാക്ഷികളുമായ പത്രോസ്, പൗലോ സ്, അന്ത്രയോസ് (യാക്കോബ്, യോഹന്നാൻ, തോമാ, യക്കോ

* രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

ബ്, ഫിലിപ്പോസ്, ബർത്തലോം, മത്തായി, ശീമോൻ, തദേവൂസ് എന്നിവരോടും ലീനസ്, ക്ലീറ്റസ്, ക്ലെമെന്റ്, സിക്സ്റ്റസ്, കൊർണേലിയൂസ്, സിപ്രിയാൻ, ലോറൻസ്, ക്രിസോഗനസ്, ജോൺ, പോൾ, കോസ്മസ്, ഡാമിയൻ) എന്നിവരോടും ഒന്നുചേർന്നുകൊണ്ടും അവരുടെ ഓർമ്മ ആചരിച്ചുകൊണ്ടും അവരുടെ പുണ്യഫലങ്ങളും പ്രാർഥനകളുംവഴി എല്ലാ കാര്യങ്ങളിലും അങ്ങയുടെ സംരക്ഷണത്തിന്റെ സഹായം നല്കി ഞങ്ങളെ ശക്തിപ്പെടുത്താൻ കനിയണമേ. ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി...

## പ്രത്യേകസമ്പർക്കപ്രാർഥനകൾ

### കർത്താവിന്റെ തിരുപ്പിറവിമഹോത്സവത്തിലും അഷ്ടദിനങ്ങളിലും

പരിശുദ്ധ മറിയത്തിന്റെ നിർമലകന്യാത്വം ഈ ലോകത്തിന് രക്ഷകനെ പ്രദാനംചെയ്ത അതിവിശുദ്ധരാത്രി (അതിവിശുദ്ധ ദിനം) ആഘോഷിച്ചുകൊണ്ട് എല്ലാവിശുദ്ധരോടും †

### കർത്താവിന്റെ പ്രത്യക്ഷീകരണത്തിൽ

അങ്ങയോടുകൂടെ അങ്ങയുടെ മഹിമയാൽ നിത്യനായി വാണരുളുന്ന അങ്ങയുടെ ഏകപുത്രൻ, ഞങ്ങളുടെ ഭൗതികശരീരത്തിന്റെ യാഥാർഥ്യത്തിൽ പ്രത്യക്ഷദർശനമരുളിയ ഏറ്റവും പരിശുദ്ധ ദിവസം ആഘോഷിച്ചുകൊണ്ട് എല്ലാ വിശുദ്ധരോടും †

### പെസഹാജാഗരം മുതൽ പെസഹാക്കാലം രണ്ടാം ഞായർവരെ

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു ശരീരത്തോടെ ഉയിർത്തെഴുന്നേറ്റ ഏറ്റവും പരിശുദ്ധമായ രാത്രി (പരിശുദ്ധ ദിനം) ആഘോഷിച്ചുകൊണ്ട് എല്ലാ വിശുദ്ധരോടും †

### സ്വർഗാരോഹണത്തിരുനാളിൽ

അങ്ങയുടെ ഏകജാതനായ ഞങ്ങളുടെ കർത്താവ് ഞങ്ങളുടെ ബലഹീനമായ മനുഷ്യപ്രകൃതിയെ തന്നോടുചേർത്ത് അങ്ങയുടെ മഹത്ത്വത്തിന്റെ വലത്തുഭാഗത്തു പ്രതിഷ്ഠിച്ച ഏറ്റവും പരിശുദ്ധമായദിനം ആഘോഷിച്ചുകൊണ്ട് എല്ലാ വിശുദ്ധരോടും †

### പെന്തക്കൊസ്ത മഹോത്സവത്തിൽ

പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ അപ്പസ്തോലന്മാർക്കു പ്രത്യക്ഷപ്പെട്ട പെന്തക്കൊസ്തയുടെ ഏറ്റവും പരിശുദ്ധ ദിനം ആഘോഷിച്ചുകൊണ്ട് എല്ലാ വിശുദ്ധരോടും †

---

87. കൈകൾ വിരിച്ചുകൊണ്ട് പുരോഹിതൻ തുടരുന്നു:

C: അതിനാൽ, കർത്താവേ, ഞങ്ങളുടെ സേവനത്തിന്റെയും* അങ്ങയുടെ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. ഞങ്ങളുടെ ദിനങ്ങൾ അങ്ങയുടെ സമാധാനത്തിൽ നയിക്കുകയും ഞങ്ങൾ നിത്യശിക്ഷയിൽനിന്ന് മോചിതരായി അങ്ങേ തിരഞ്ഞെടുക്കപ്പെട്ട അജഗണത്തിൽ എണ്ണപ്പെടാൻ കനിയുകയും ചെയ്യണമേ.

കൈകൾ കൂപ്പുന്നു.

(ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി...)

---

### പെസഹാജാഗരം മുതൽ പെസഹാക്കാലം രണ്ടാം ഞായർവരെ

സർവപാപങ്ങളിലുംനിന്ന് മോചനമരുളി, ജലത്താലും പരിശുദ്ധാത്മാവാലും പുതുജന്മംനല്കി അങ്ങ് അനുഗ്രഹിച്ചവർക്കുവേണ്ടി, കർത്താവേ, തങ്ങളുടെ സേവനത്തിന്റെയും*

---

88. കൈകൾനീട്ടി കാഴ്ചദ്രവ്യങ്ങളുടെമേൽ വിരിച്ചുപിടിച്ചുകൊണ്ട് ചൊല്ലുന്നു:

CC: ദൈവമേ, അങ്ങ് ഈ ബലിവസ്തു എല്ലാവിധത്തിലും ആശീർവദിച്ച്, അംഗീകരിച്ച്, സാധൂകരിച്ച് യുക്തവും സ്വീകാര്യവുമാക്കിത്തീർക്കാൻ കനിയണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ, ഇവ ഞങ്ങൾക്ക് അങ്ങയുടെ ഏറ്റവും പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ ശരീരവും രക്തവുമായിത്തീരുമാറാകട്ടെ.

കൈകൾ കൂപ്പുന്നു:

89. കർത്താവിന്റെ തിരുമൊഴികളായ താഴെ വരുന്ന പ്രതിഷ്ഠാപന വചസ്സുകൾ അവയുടെ സ്വഭാവം അനുശാസിക്കുന്നപോലെ വ്യക്തമായി ഉച്ചരിക്കേണ്ടതാണ്.

അവിടന്ന് പീഡാസഹനത്തിന്റെ തലേനാൾ,

അപ്പമെടുത്ത് അൾത്താരയിൽനിന്ന് അല്പം ഉയർത്തിക്കൊണ്ട് തുടരുന്നു:

പരിശുദ്ധവും ധന്യവുമായ തന്റെ കരങ്ങളിൽ അപ്പമെടുത്ത്, സ്വർഗത്തിലേക്ക്, സർവശക്തനായ ദൈവവും തന്റെ പിതാവുമായ അങ്ങയുടെ നേർക്ക്

കണ്ണുകൾ ഉയർത്തുന്നു.

കണ്ണുകൾ ഉയർത്തി, അങ്ങേക്ക് കൃതജ്ഞത പ്രകാശിപ്പിച്ച്, ആശീർവദിച്ച്, മുറിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി**
**അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.**

ജനങ്ങളുടെ ദർശനത്തിനു തിരുശരീരം ഉയർത്തുന്നു. തിരികെ തളികയിൽ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

90. അനന്തരം തുടരുന്നു:

അപ്രകാരംതന്നെ, അത്താഴം കഴിഞ്ഞ്, അവിടന്ന് വിശിഷ്ടമായ ഈ പാനപാത്രം

പാനപാത്രമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

പരിശുദ്ധവും ധന്യവുമായ തന്റെ കരങ്ങളിൽ എടുത്ത്, വീണ്ടും അങ്ങേക്ക് കൃതജ്ഞതപ്രകാശിപ്പിച്ച്, ആശീർവദിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങളുടെയും**
**അനേകരുടെയും പാപങ്ങളുടെ**
**മോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന**
**നവീനവും സനാതനവുമായ ഉടമ്പടിയുടെ,**
**എന്റെ രക്തത്തിന്റെ, പാനപാത്രമാകുന്നു.**
**ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തുന്നു. വീണ്ടും തിരുശീലയിൽ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

91. അനന്തരം ചൊല്ലുന്നു:

C : ഇത് വിശ്വാസത്തിന്റെ രഹസ്യം

ജനം പ്രഘോഷിക്കുന്നു:

കർത്താവേ,/അങ്ങ് വീണ്ടുംവരുന്നതുവരെ/അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു.

അഥവാ

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും/ ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം/ കർത്താവേ,/ അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

അഥവാ

അങ്ങയുടെ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ,/ ഞങ്ങളെ രക്ഷിക്കണമേ.

92. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ടു ചൊല്ലുന്നു:

CC : അതിനാൽ കർത്താവേ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ അതേ ക്രിസ്തുവിന്റെ ധന്യമായ പീഡാസഹനവും മരിച്ചവരിൽ നിന്നുള്ള ഉയിർപ്പും മഹനീയമായ സ്വർഗാരോഹണവും ഓർത്തുകൊണ്ട്, അങ്ങയുടെ ദാസരായ ഞങ്ങളും അങ്ങയുടെ വിശുദ്ധജനവും അങ്ങു ഞങ്ങൾക്കു നല്കിയ ദാനദ്രവ്യങ്ങളിൽനിന്ന് ഈ പവിത്രബലി, ഈ വിശുദ്ധബലി, ഈ നിർമലബലി- നിത്യജീവന്റെ വിശുദ്ധമായ അപ്പവും നിത്യരക്ഷയുടെ പാനപാത്രവും- അങ്ങയുടെ മഹിതവൈഭവത്തിനു മുമ്പിൽ സമർപ്പിക്കുന്നു.

93. അങ്ങയുടെ ദാസൻ നീതിമാനായ ആബേലിന്റെ കാണിക്കകളും ഞങ്ങളുടെ പൂർവപിതാവായ അബ്രാഹത്തിന്റെ ബലിയും അങ്ങയുടെ മഹാപുരോഹിതനായ മെൽക്കിസെദെക്ക് അങ്ങേക്ക് അർപ്പിച്ച കാഴ്ചകളും അങ്ങു സ്വീകരിച്ചപോലെ, ഈ കാണിക്കകളും പ്രീതികരവും പ്രസന്നവുമായ മുഖത്തോടെ കടാക്ഷിക്കാനും വിശുദ്ധബലിയായും നിർമലയാഗമായും സ്വീകരിക്കാനും കനിയണമേ.

94. കൈകൾ കൂപ്പി, ശിരസ്സുനമിച്ചുകൊണ്ടു ചൊല്ലുന്നു:

സർവശക്തനായ ദൈവമേ, ഏറ്റവും താഴ്മയോടെ ഞങ്ങൾ അപേക്ഷിക്കുന്നു: ഈ ദിവ്യബലി അങ്ങയുടെ വിശുദ്ധദൂതന്റെ

കരങ്ങൾവഴി സംവഹിച്ച്, അങ്ങയുടെ മഹനീയ അൾത്താരയിലേക്ക്, അങ്ങയുടെ മഹത്ത്വമേറിയ തിരുമുമ്പിലേക്ക് സംവഹിക്കാൻ കല്പിച്ചരുളിയാലും. ഈ ബലിപീഠത്തിൽ അർപ്പിച്ച ബലിയിൽ പങ്കുചേർന്ന്, അങ്ങയുടെ പുത്രന്റെ ശരീരവും രക്തവും സ്വീകരിക്കുമ്പോഴെല്ലാം

നിവർന്ന് കുരിശടയാളം വരച്ചുകൊണ്ടു ചൊല്ലുന്നു:

എല്ലാ സ്വർഗീയാനുഗ്രഹങ്ങളാലും പ്രസാദവരങ്ങളാലും ഞങ്ങൾ നിറയുമാറാകണമേ.

കൈകൾ കൂപ്പുന്നു.

(കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളണമേ ആമേൻ).

95. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥന

കൈകൾ വിരിച്ചുകൊണ്ടു ചൊല്ലുന്നു:

C3 : കർത്താവേ, വിശ്വാസത്തിന്റെ മുദ്രയോടെ ഞങ്ങൾക്കുമുമ്പേ കടന്നുപോവുകയും സമാധാനത്തിന്റെ നിദ്രയിൽ വിശ്രമിക്കുകയും ചെയ്യുന്നവരായ അങ്ങയുടെ ദാസന്മാരെയും ദാസിമാരെയും (പേരുകൾ) ഓർക്കണമേ.

കൈകൾ കൂപ്പി, മരിച്ചവർക്കുവേണ്ടി അല്പനേരം പ്രാർഥിക്കുന്നു.
പിന്നീട്, കൈകൾ വിരിച്ചുകൊണ്ട് തുടരുന്നു:

ഇവർക്കും ക്രിസ്തുവിൽ നിദ്രകൊള്ളുന്ന എല്ലാവർക്കും വിശ്രാന്തിയുടെയും പ്രകാശത്തിന്റെയും സമാധാനത്തിന്റെയും ഇടം കനിഞ്ഞരുളണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

കൈകൾ കൂപ്പുന്നു.

(കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളണമേ ആമേൻ).

96. വലത്തുകൈകൊണ്ട് പിഴയിടിച്ചുകൊണ്ടു ചൊല്ലുന്നു:

C 4 : പാപികളെങ്കിലും അങ്ങയുടെ ദാസരും

കൈകൾ വിരിച്ചുകൊണ്ടു തുടരുന്നു:

അങ്ങയുടെ അളവറ്റ കാരുണ്യത്തെ ശരണം പ്രാപിക്കുന്നവരുമായ ഞങ്ങൾക്കും അങ്ങയുടെ വിശുദ്ധ അപ്പസ്തോലന്മാരുടെയും രക്തസാക്ഷികളുടെയും വിശുദ്ധരായ യോഹന്നാൻ, സ്റ്റീഫൻ, മത്തിയാസ്, ബർണബാസ്, (ഇഗ്നേഷ്യസ്, അലക്സാണ്ടർ, മർസലിൻ, പീറ്റർ, ഫെലിസിത്ത, പെർപ്പെത്തുവാ, ആഗത, ലൂസിയ, ആഗ്നസ്, സിസിലിയ, അനസ്താസിയ) എന്നിവരുടെയും അങ്ങേ എല്ലാ വിശുദ്ധരുടെയും തെല്ലൊരു പങ്കാളിത്തവും സഹവാസവും കല്പിച്ചരുളണമെന്നും അവരുടെ സമൂഹത്തിൽ, യോഗ്യതകൾ പരിഗണിക്കുന്നവനായിട്ടല്ല, കാരുണ്യം വർഷിക്കുന്നവനായി, ഞങ്ങളെയും ചേർത്തരുളണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

97. കൈകൾ കൂപ്പി തുടരുന്നു:

C: കർത്താവേ, അവിടന്നുവഴി അങ്ങ് ഈ നന്മകളെല്ലാം നിരതം സൃഷ്ടിക്കുകയും പവിത്രീകരിക്കുകയും ജീവശക്തി കൊണ്ടു നിറയ്ക്കുകയും ആശീർവദിക്കുകയും ഞങ്ങൾക്കു നല്കുകയും ചെയ്യുന്നുവല്ലോ.

98. തിരുശരീരത്തോടുകൂടെ തളികയും പാനപാത്രവും ഉയർത്തിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു:

ക്രിസ്തുവിലൂടെ,
ക്രിസ്തുവിനോടുകൂടെ,
ക്രിസ്തുവിൽത്തന്നെ,
സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക്
പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ,
എല്ലാ ബഹുമതിയും മഹത്ത്വവും
എന്നും എന്നേക്കും.

ജനം : ആമേൻ.

തുടർന്ന്, ദിവ്യകാരുണ്യസ്വീകരണകർമം നടക്കുന്നു. p.

# ദിവ്യകാരുണ്യസ്വീകരണകർമം

124. പാനപാത്രവും തളികയും തിരുശീലയിന്മേൽവച്ചിട്ട്, പുരോഹിതൻ കൂപ്പുകൈകളോടെ പറയുന്നു:

രക്ഷാകരമായ കല്പനകളാൽ ഉദ്ബോധിതരായും ദിവ്യോപദേശത്താൽ രൂപീകൃതരായും നിർഭയം നമുക്ക് ഏറ്റുചൊല്ലാം:

പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ജനങ്ങളോടുചേർന്ന് തുടരുന്നു:

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങയുടെ നാമം പൂജിതമാകണമേ;/ അങ്ങയുടെ രാജ്യം വരണമേ;/ അങ്ങയുടെ തിരുമസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ./ അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ;/ ഞങ്ങളോടു തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നപോലെ,/ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ;/ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ;/ തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

പദ്യരൂപം

1. സ്വർഗത്തിൽവാഴും ഞങ്ങൾതൻ താതാ
   നിൻനാമം പൂജിതമായിടേണം.
2. വരണം നിൻരാജ്യം, സ്വർഗത്തിലെപ്പോൽ
   നിന്നുള്ളം പാരിലുമായിടേണം.
3. അന്നന്നുവേണ്ടുന്നൊരാഹാരമിന്നും
   ഞങ്ങൾക്കു നല്കുമാറായിടേണം.
4. അന്യർതൻ ദ്രോഹം ഞങ്ങൾ ക്ഷമിക്കുംപോൽ
   ഞങ്ങൾതൻ ദ്രോഹവും നീ ക്ഷമിക്ക
5. പാപപരീക്ഷയിലുൾപ്പെടുത്താതെ
   തിന്മയിൽനിന്നു നീ കാത്തിടേണം.

125. പുരോഹിതൻമാത്രം, കൈകൾ വിരിച്ചുകൊണ്ട് തുടരുന്നു:

കർത്താവേ, എല്ലാ തിന്മകളിലുംനിന്നു ഞങ്ങളെ മോചിപ്പിക്കണമേ; ഞങ്ങളുടെ ദിനങ്ങളിൽ സമാധാനം കനിവാർന്നു നല്കണമേ. അനുഗ്രഹപൂർണമായ പ്രത്യാശയും നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ ആഗമനവും പ്രതീക്ഷിച്ചുകൊണ്ട് അങ്ങേ കരുണയുടെ സഹായത്താൽ ശക്തിപ്രാപിച്ച് ഞങ്ങളെപ്പോഴും പാപത്തിൽനിന്ന് മോചിതരാകുകയും എല്ലാ വിപത്തുകളിലുംനിന്ന് സുരക്ഷിതരാകുകയും ചെയ്യുമാറാകട്ടെ.

കൈകൾ കൂപ്പുന്നു. ജനം പ്രഘോഷിക്കുന്നു:

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു.

126. കൈകൾ വിരിച്ചുകൊണ്ട്, പുരോഹിതൻ ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു:

"സമാധാനം ഞാൻ നിങ്ങൾക്കു നൽകുന്നു; എന്റെ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു" എന്ന് അങ്ങയുടെ അപ്പസ്തോലന്മാരോട് അരുൾചെയ്ത കർത്താവായ യേശുക്രിസ്തുവേ, ഞങ്ങളുടെ പാപങ്ങളല്ല, പിന്നെയോ അങ്ങേ സഭയുടെ വിശ്വാസം തൃക്കൺപാർത്ത്, അങ്ങയുടെ തിരുവുള്ളമനുസരിച്ച് സഭയ്ക്ക് സമാധാനവും ഐക്യവും നല്കാൻ കനിയണമേ.

കൈകൾ കൂപ്പുന്നു.

എന്നെന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങ് ഈ പ്രാർഥന കേട്ടരുളണമേ.

ജനം: ആമേൻ.

127. പുരോഹിതൻ ജനങ്ങളുടെനേരേ കൈകൾ വിരിച്ചുകൊണ്ട്, വീണ്ടും കൂപ്പിക്കൊണ്ട് ചൊല്ലുന്നു:

കർത്താവിന്റെ സമാധാനം നിങ്ങളോടുകൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ.

ജനം: അങ്ങയുടെ ആത്മാവോടുംകൂടെ

128. അനന്തരം, ഡീക്കൻ അഥവാ പുരോഹിതൻ സന്ദർഭോചിതം നിർദേശിക്കുന്നു:

നിങ്ങൾ പരസ്പരം സമാധാനം ആശംസിക്കുവിൻ

സ്ഥലത്തെ പരമ്പരാഗതരീതിയനുസരിച്ച്, സമാധാനത്തിന്റെയും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും അടയാളമായി ജനങ്ങൾ സമാധാനം ആശംസിക്കുന്നു.

129. പുരോഹിതൻ ഡീക്കനോ മറ്റു ശുശ്രൂഷകർക്കോ സമാധാനം ആശംസിക്കുന്നു.

അനന്തരം, പുരോഹിതൻ തിരുവോസ്തി എടുത്ത്, തളികയുടെ മുകളിൽ പിടിച്ചുകൊണ്ട് വിഭജിക്കുന്നു. അതിനുശേഷം അതിൽനിന്ന് ഒരു ചെറിയ കഷണം മുറിച്ചെടുത്ത്, പാനപാത്രത്തിൽ നിക്ഷേപിച്ചുകൊണ്ട് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു:

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ സമ്മിശ്രണം, അവ സ്വീകരിക്കുന്ന നമുക്ക് നിത്യജീവൻ പ്രദാനം ചെയ്യുമാറാകട്ടെ.

130. തത്സമയം, ജനങ്ങൾ പാടുകയോ ചൊല്ലുകയോ ചെയ്യുന്നു:

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ,/ ഞങ്ങളിൽ കനിയണമേ. / ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ,/ ഞങ്ങളിൽ കനിയണമേ. / ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ,/ ഞങ്ങൾക്കു സമാധാനം നല്കണമേ.

പദ്യരൂപം

1. ലോകത്തിൻ പാപങ്ങൾ നീക്കിടും ദൈവത്തിൻ
   കുഞ്ഞാടേ, ഞങ്ങളിൽ കനിയണമേ.
2. ലോകത്തിൻ പാപങ്ങൾ നീക്കിടും ദൈവത്തിൻ
   കുഞ്ഞാടേ, ഞങ്ങളിൽ കനിയണമേ.
3. ലോകത്തിൻ പാപങ്ങൾ നീക്കിടും ദൈവത്തിൻ
   കുഞ്ഞാടേ, ഞങ്ങൾക്കു ശാന്തി നല്കണമേ.

അപ്പം മുറിച്ചുകഴിയുന്നതുവരെ, ഈ അപേക്ഷകൾ ആവർത്തിക്കാം. എന്നാൽ, അവസാനത്തെ അപേക്ഷ ഞങ്ങൾക്കു സമാധാനം നല്കണമേ എന്നായിരിക്കണം.

131. പിന്നീട്, പുരോഹിതൻ കൈകൾകൂപ്പി, താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

കർത്താവായ യേശുക്രിസ്തുവേ, സജീവനായ ദൈവത്തിന്റെ പുത്രാ, പിതാവിന്റെ ഇഷ്ടമനുസരിച്ച്, പരിശുദ്ധാത്മാവിന്റെ സഹകരണത്തോടെ, അങ്ങയുടെ മരണത്താൽ ലോകത്തെ അങ്ങ് ഉജ്ജീവിപ്പിച്ചുവല്ലോ; അങ്ങയുടെ പരിശുദ്ധമായ ഈ ശരീരവും രക്തവുംവഴി എന്നെ എന്റെ എല്ലാ പാപങ്ങളിലും സകല തിന്മകളിലും നിന്ന് മോചിപ്പിക്കണമേ; അങ്ങയുടെ കല്പനകളോട് എന്നെ എപ്പോഴും ചേർത്തുനിർത്താൻ ഇടവരുത്തുകയും അങ്ങിൽനിന്ന് ഒരിക്കലും വേർപെടാതിരിക്കാൻ അനുവദിക്കുകയും ചെയ്യണമേ.

അഥവാ

കർത്താവായ യേശുക്രിസ്തുവേ, അങ്ങയുടെ ശരീരക്തങ്ങളുടെ സ്വീകരണം എനിക്ക് വിധിക്കും ശിക്ഷയ്ക്കും കാരണമാകാതെ, അങ്ങയുടെ കാരുണ്യത്താൽ എനിക്ക് മനസ്സിനും ശരീരത്തിനും സംരക്ഷണവും സ്വീകരിക്കേണ്ട ഔഷധവുമായിത്തീരുമാറാകട്ടെ.

132. പുരോഹിതൻ മുട്ടുകുത്തി വണങ്ങിയിട്ട്, തിരുവോസ്തി എടുത്ത് തളികയുടെ മുകളിൽ അല്പം ഉയർത്തിപ്പിടിച്ച്, ജനങ്ങൾക്ക് അഭിമുഖമായി നിന്നുകൊണ്ട് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു:

ഇതാ ദൈവത്തിന്റെ കുഞ്ഞാട്, ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്നവൻ! കുഞ്ഞാടിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടിരിക്കുന്നവർ അനുഗൃഹീതർ!

തുടർന്ന്, ജനങ്ങളോടൊന്നിച്ച് ഒരു പ്രാവശ്യം ചൊല്ലുന്നു:

കർത്താവേ/ അങ്ങ് എന്റെ വീട്ടിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല;/ അങ്ങ് ഒരു വാക്ക് പറഞ്ഞാൽ മാത്രം മതി/ എന്റെ ആത്മാവു സുഖംപ്രാപിക്കും.

133. ബലിപീഠത്തിനുനേരേതിരിഞ്ഞ് പുരോഹിതൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

ക്രിസ്തുവിന്റെ ശരീരം എന്നെ നിത്യജീവിതത്തിനായി സംരക്ഷിക്കട്ടെ.

ഭക്ത്യാദരപൂർവം ക്രിസ്തുവിന്റെ ശരീരം ഉൾക്കൊള്ളുന്നു.

അനന്തരം പാനപാത്രമെടുത്ത് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

ക്രിസ്തുവിന്റെ രക്തം എന്നെ നിത്യജീവിതത്തിനായി സംരക്ഷിക്കട്ടെ.

ഭക്ത്യാദരപൂർവം ക്രിസ്തുവിന്റെ രക്തം ഉൾക്കൊള്ളുന്നു.

134. അനന്തരം തളികയോ ദിവ്യകാരുണ്യപാത്രമോ എടുത്തുകൊണ്ട് ദിവ്യകാരുണ്യം സ്വീകരിക്കാനുള്ളവരെ സമീപിക്കുന്നു. ഓരോരുത്തരുടെയും മുമ്പിൽ തിരുവോസ്തി അല്പം ഉയർത്തിപ്പിടിച്ചുകൊണ്ടു പറയുന്നു:

ക്രിസ്തുവിന്റെ ശരീരം.

ദിവ്യകാരുണ്യം സ്വീകരിക്കുന്നയാൾ പ്രതിവചിക്കുന്നു:

ആമേൻ.

ദിവ്യകാരുണ്യം സ്വീകരിക്കുന്നു.

ഡീക്കൻ ദിവ്യകാരുണ്യം നല്കുന്നപക്ഷം, മേല്പറഞ്ഞപോലെതന്നെ ചെയ്യുന്നു.

135. ഇരുസാദൃശ്യത്തിലും ദിവ്യകാരുണ്യം നല്കുന്നപക്ഷം, നിർദിഷ്ടനിയമങ്ങൾ പാലിക്കണം.

136. പുരോഹിതൻ തിരുവോസ്തി സ്വീകരിക്കുമ്പോൾ ഗായകർ അഥവാ ജനങ്ങൾ ദിവ്യകാരുണ്യഗീതി ആരംഭിക്കുന്നു.

137. ദിവ്യകാരുണ്യം നല്കിയശേഷം പുരോഹിതൻ അഥവാ ഡീക്കൻ അഥവാ അൽത്താര ശുശ്രൂഷി തളികയും പാനപാത്രവും ശുദ്ധീകരിക്കുന്നു.

ആ സമയത്ത് പുരോഹിതൻ അഥവാ ഡീക്കൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

കർത്താവേ, ഞങ്ങൾ അധരങ്ങളാൽ സ്വീകരിച്ചത് നിർമല മനസ്സോടെ ഉൾക്കൊള്ളാനും ഞങ്ങൾക്കത് ഭൗതികദാന ത്തിൽനിന്ന് നിത്യമായ ഔഷധമായി ഭവിക്കാനും ഇടയാകട്ടെ.

138. അനന്തരം പുരോഹിതന് യഥാസ്ഥാനത്തുപോയി ഇരിക്കാവുന്നതാണ്. തത്സമയം എല്ലാവരും അല്പനേരം മൗനമായി പ്രാർഥിക്കുകയോ കൃതജ്ഞതാസ്തോത്രം ആലപിക്കുകയോ ചെയ്യുന്നു.

139. അനന്തരം, അവിടെത്തന്നെ നിന്നുകൊണ്ട്, അല്ലെങ്കിൽ ബലിപീഠത്തിന്റെ മധ്യഭാഗത്തു ചെന്നുനിന്നുകൊണ്ട് പുരോഹിതൻ ചൊല്ലുന്നു:

നമുക്കു പ്രാർഥിക്കാം.

മൗനപ്രാർഥന മുമ്പു നടന്നില്ലെങ്കിൽ, പുരോഹിതനും ജനങ്ങളും അല്പസമയം മൗനമായി പ്രാർഥിക്കുന്നു. അതിനുശേഷം പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ദിവ്യഭോജനപ്രാർഥന ചൊല്ലുന്നു:

പ്രാർഥനയുടെ അവസാനത്തിൽ ജനം പ്രതിവചിക്കുന്നു:

ആമേൻ

# സമാപനകർമങ്ങൾ

140. ആവശ്യമെങ്കിൽ ജനങ്ങൾക്കുവേണ്ടിയുള്ള അറിയിപ്പുകൾ ഹ്രസ്വമായി നടത്തുന്നു

141. അതിനുശേഷം പുരോഹിതൻ, ജനങ്ങളുടെനേരേതിരിഞ്ഞ്, കൈകൾ വിരിച്ചുകൊണ്ട് പറയുന്നു:

കർത്താവു നിങ്ങളോടുകൂടെ

ജനം : അങ്ങയുടെ ആത്മാവോടുംകൂടെ.

പുരോഹിതൻ ജനങ്ങളെ ആശീർവദിക്കുന്നു:

സർവശക്തനായ ദൈവം, പിതാവും പുത്രനും ✠ പരിശുദ്ധാത്മാവും നിങ്ങളെ അനുഗ്രഹിക്കട്ടെ.

ജനം : ആമേൻ.

---

142. ചില സന്ദർഭങ്ങളിൽ ഈ ആശീർവാദത്തിനുമുമ്പ്, കൂടുതൽ ആഘോഷമായ ആശീർവാദമോ ജനങ്ങളുടെ മേലുള്ള പ്രാർഥനയോ നടത്തുന്നു. p

---

143. പൊന്തിഫിക്കൽ ദിവ്യബലികളിൽ കാർമികൻ അംശമുടി ധരിച്ച്, കൈകൾവിരിച്ച് പറയുന്നു:

കർത്താവു നിങ്ങളോടുകൂടെ

ജനം : അങ്ങയുടെ ആത്മാവോടുംകൂടെ

കാർമികൻ : കർത്താവിന്റെ നാമം വാഴ്ത്തപ്പെടട്ടെ

ജനം : ഇപ്പോഴും എന്നേക്കും

കാർമികൻ : ഞങ്ങളുടെ സഹായം കർത്താവിന്റെ നാമത്തിൽ

ജനം : ആകാശവും ഭൂമിയും സൃഷ്ടിച്ചവന്റെ നാമത്തിൽ

തുടർന്ന്, കാർമികൻ, ഉചിതമെങ്കിൽ, അംശവടി സ്വീകരിച്ച് പറയുന്നു:

സർവശക്തനായ ദൈവം,

ജനങ്ങളുടെമേൽ മൂന്നുപ്രാവശ്യം കുരിശടയാളം വരച്ച് തുടരുന്നു.

പിതാവും ✠ പുത്രനും ✠ പരിശുദ്ധാത്മാവും ✠ നിങ്ങളെ അനുഗ്രഹിക്കട്ടെ.

ജനം : ആമേൻ

**144.** അനന്തരം, ഡീക്കൻ അഥവാ പുരോഹിതൻ ജനങ്ങളുടെ നേരേതിരിഞ്ഞ്, കൈകൾ കൂപ്പി പറയുന്നു:

പോകുവിൻ, ദിവ്യപൂജ സമാപിച്ചു

ജനം : ദൈവത്തിനു നന്ദി

**145.** അതിനുശേഷം വൈദികൻ പതിവനുസരിച്ച് പ്രാരംഭകർമത്തിലെന്ന പോലെ അൾത്താരയെ ചുംബിക്കുന്നു. തുടർന്ന് താണുവണങ്ങിയശേഷം ശുശ്രൂഷികളോടൊപ്പം തിരികെപ്പോകുന്നു.

**146.** മറ്റെന്തെങ്കിലും ആരാധനക്രമപരമായ ചടങ്ങുകളുണ്ടെങ്കിൽ സമാപന കർമം ഉപേക്ഷിക്കുന്നു.